"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - പൈങ്ങോട്ടൂർ മുള്ളരിക്കാട് പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മാണം - നിർമ്മാണ സാമഗ്രികൾ വനം വകുപ്പ് അധികൃതർ പിടിച്ചെടുത്തതും നിർമ്മാണ തൊഴിലാളിയെ വനം വകുപ്പ് ഓഫീസിൽ പൂട്ടിയിട്ടതുമായി ബന്ധപ്പെട്ട സംഭവം - പ്രഥമദൃഷ്ട്യാ കാരണക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം-വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.266/2022/F&WLD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:- 1. അഡി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) 18.06.2022-ലെ VE.3-2743/2022 നമ്പർ കത്ത്

**ഉത്തരവ്**

പൈങ്ങോട്ടൂർ മുള്ളരിക്കാട് PWD റോഡിൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി തർക്കങ്ങൾ ഉടലെടുക്കുകയും നിർമ്മാണ സാമഗ്രികൾ വനം വകുപ്പ് അധികൃതർ പിടിച്ചെടുക്കുകയും റോഡ് നിർമ്മാണ തൊഴിലാളിയെ വനം വകുപ്പ് ഓഫീസിൽ പൂട്ടിയിട്ടിരിക്കുകയും ചെയ്തു എന്ന പരാതിയിൽമേൽ പരാമർശ പ്രകാരം അഡി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുള്ളരിക്കാട് റെയ്ഞ്ചിൽപ്പെട്ട ചാത്തമറ്റം ഒറ്റക്കണ്ടം PWD റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനിടയിൽ 1965, 1968 തേക്ക് തോട്ടങ്ങളിൽ മൂന്നിടത്ത് അടിക്കാട് തെളിച്ച് മണ്ണ് നിരപ്പാക്കിയതായി കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുള്ളരിക്കാട് റെയ്ഞ്ച് OR 55/22 ആയി കേസ് രജിസ്റ്റർ ചെയ്ത് ജെ.സി.ബി കസ്റ്റഡിയിലെടുത്ത് ഡ്രൈവറുടെ മൊഴി രേഖപ്പെടുത്തവെ നാട്ടുകാർ സംഘടിച്ച് ടിയാനെ ബലമായി മോചിപ്പിക്കുകയും സെക്ഷൻ കെട്ടിടത്തിന്റെ ചില്ലുകൾ കേടുപാടുകൾ സംഭവിക്കുകയും ചെയ്തതായും ഇതിന്റെ അടിസ്ഥാനത്തിൽ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ Cr 487/22 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

PWD റോഡ് അറ്റകുറ്റപ്പണിയ്ക്കായി ഫണ്ട് അനുവദിച്ചത് പ്രകാരം റോഡുപണി നടക്കവെ മതിയായ കാരണങ്ങൾ ഇല്ലാതെ അത് തടസ്സപ്പെടുത്തുന്ന രീതിയിൽ വനം വകുപ്പ് ജീവനക്കാർ ഇടപെടുകയും ജെ.സി.ബി. ഡ്രൈവറെ ഓഫീസിൽ പൂട്ടിയിട്ടതായും സംബന്ധിച്ച പരാതി വിശദമായ അന്വേഷണത്തിലൂടെ വ്യക്തമാക്കപ്പെടേണ്ടതാണ്. യാതൊരു കാരണവും ഇല്ലാതെ നാട്ടുകാർ കൂട്ടമായും, ജനപ്രതിനിധികളും ഫോറസ്റ്റ് ഓഫീസിലേയ്ക്ക് എത്തുന്ന സാഹചര്യം ഉണ്ടാകുന്നതല്ല. നിസ്സാര പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് പകരം പൊതുജനങ്ങളും

ജനപ്രതിനിധികളും സ്ഥലത്ത് എത്തേണ്ടുന്ന സാഹചര്യം ഉണ്ടാക്കുകയും ഗുരുതരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സങ്കുചിത ചിന്താഗതിയും കർത്തവ്യനിർവ്വഹണത്തിൽ ഉണ്ടായ ഗുരുതരമായ വീഴ്ചയുമാണ്.

സർക്കാർ ഇക്കാര്യം മുകളിൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ ആരോപണങ്ങൾ ഗൗരവമേറിയതും പ്രഥമാദൃഷ്ട്യാ കഴമ്പുള്ളതുമാണെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയും കാട്ടിയെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ മുള്ളരിങ്ങാട് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. എം. അജയ് ഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.എ. ഷമീർ എന്നിവർ സർവ്വീസിൽ തുടരുന്നത് യുക്തമല്ല എന്നു കാണുന്നതിനാൽ ടിയാന്മാരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു ഉത്തരവാകുന്നു. ടിയാന്മാർക്ക് ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

മേൽ വിഷയത്തിലുള്ള വനം (വിജിലൻസ്) വകുപ്പിന്റെ അന്വേഷണം രണ്ടാഴ്ച്ചയ്ക്കകം പൂർത്തിയാക്കി വീഴ്ചവരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണ വിഭാഗം)
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)
ബന്ധപ്പെട്ട ജീവനക്കാർക്ക് (ഭരണവിഭാഗം APCCF മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള , തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 18-06-2022 23:24:39